Page 1 of 1

എല്ലാവിധ ആധുനിക സൗകര്യങ്ങളോടുംകൂടിയ 3.3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള, 70 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പ്രസ്തുത ഐ.ടി. മന്ദിരത്തിന് 2 MVA power നൽകുന്നതിനുള്ള Deposit Work-ന്റെ തുടർ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചുവരുന്നു. 2 MLD ജലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി Deposit Work ആയി ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനായി ചാലക്കുടി നദിയുടെ സമീപത്തുനിന്നും പാർക്കിലേയ്ക്കുള്ള പൈപ്പിടൽ പുരോഗമിക്കുന്നു. അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി പ്രസ്തുത ഐ.ടി. മന്ദിരത്തിലേയ്ക്കുള്ള internal roads, STP, Water sump എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ നടപടികളും എടുത്തിട്ടുണ്ട്. 2015 മാർച്ച് മാസത്തോടെ പ്രവർത്തനസജ്ജമാകും എന്ന് പ്രതീക്ഷിക്കുന്ന പദ്ധതി ഏകദേശം 3000 ഐ.ടി. വിദഗ്ദ്ധർക്ക് തൊഴിൽ നൽകുമെന്നു പ്രതീക്ഷിക്കുന്നു.

### തലശ്ശേരി മണ്ഡലത്തിൽ ഐ.ടി. പാർക്ക്

213 (6664) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിൽ ഐ.ടി. പാർക്ക് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഐ.ടി. പാർക്ക് എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

### ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പോലീസ് ഹെൽപ്പ് ഡെസ്ക്

214 (6665) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പോലീസ് ഹെൽപ്പ് ഡെസ്ക്കിൽ കഴിഞ്ഞ ആറുമാസക്കാലയളവിൽ എത്ര പെറ്റീഷനുകൾ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെ സ്വീകരിക്കുന്ന പെറ്റീഷനുകളുടെ എണ്ണം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly